(ഡി) ഇണ്ട്.

എഴുകോൺ ഇ. എസ്. ഐ. ആശുപത്രി

87 [2224] ശ്രീ. എഴുകോൺ നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എഴുകോൺ ഇ.എസ്.ഐ. ആശുപത്രിയിൽ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു;

(ബി) ഈ ആശുപത്രിയിൽ ഏതൊക്കെ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ പ്രവർത്തിക്കുന്നു;

(സി) ഈ ആശുപത്രിയോടനുബന്ധിച്ച് ആയുർവ്വേദ വിഭാഗം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) എഴുകോൺ ഇ.എസ്.ഐ. ആശുപത്രിയുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തി സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയാക്കി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആശുപത്രിയിലെ പ്രവർത്തനരഹിതമായ ഉപകരണങ്ങൾ മാറ്റി പകരം പുതിയ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ആശുപത്രികളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനായി ആശുപത്രി വികസന സമിതി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി എഴുകോൺ ഇ. എസ്. ഐ. ആശുപത്രിയിലും കമ്പ്യൂട്ടർ സ്ഥാപിച്ചിട്ടുണ്ട്.

(ബി) ഈ ആശുപത്രിയിൽ സർജറി, ഗൈനക്കോളജി, പീഡിയാട്രിക്സ്, അനസ്തേഷ്യ, ഓർത്തോപീഡിക്സ്, ഡെന്റൽ സർജറി എന്നീ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ പ്രവർത്തിക്കുന്നു;

(സി) ഈ ആശുപത്രിയോടനുബന്ധിച്ച് 20 കിടക്കകളുള്ള ആയുർവ്വേദ ചികിൽസാ വിഭാഗം ആരംഭിക്കുന്നതിനായുള്ള പ്രപ്പോസൽ അനുമതിക്കായി ഇ.എസ്.ഐ. കോർപ്പറേഷന് അയച്ചുകൊടുത്തിട്ടുണ്ട്.

(ഡി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

കോഴിക്കോട്ടുള്ള തനിമ കോ-ഓപ്പറേറ്റീവ് ഹോട്ടൽ സൊസൈറ്റിയിലെ ജീവനക്കാരുടെ ഇ. എസ്. ഐ. വിഹിതം

88 [2225] ശ്രീ. ടി.പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്ടുള്ള തനിമ കോ-ഓപ്പറേറ്റീവ് ഹോട്ടൽ സൊസൈറ്റിയിലെ ജീവനക്കാരെ ഇ. എസ്. ഐ. പരിധിയിൽനിന്നും ഒഴിവാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഭരണസമിതിയിൽ നിന്നും എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly